**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 79** **14-10-2026-ൽ മറുപടിയ്ക്ക്**

**വന്യ ജീവിസംരക്ഷണ നിയമം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. വി. ജോയി

ശ്രീ. എ. പ്രഭാകരൻ

ശ്രീമതി ഒ. എസ്. അംബിക

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി 15-ാം കേരള നിയമസഭ പാസാക്കിയ കേരള വന്യജീവി സംരക്ഷണ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** അനുമതി ലഭിച്ചിട്ടില്ല.

**(ബി)** ഇല്ലെങ്കിൽ ആക്രമണകാരികളായ വന്യജീവികളെ കൊല്ലുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത ബില്ലിന് അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

**മറുപടി:** കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടാൻ ആവശ്യമായ നിയമഭേദഗതിക്കായി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ (മെമ്മോറാണ്ടം ഓഫ് റിക്വസ്റ്റ്) കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതാണ്. കാട്ടുപന്നിയെ 1972 ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 62 പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനും നാടൻ കുരങ്ങുകളെ (Bonnet Macaque) വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂൾ II ലേക്ക് മാറ്റുന്നതിനുമുള്ള അപേക്ഷ ടി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** ജനവാസ മേഖലകളിൽ ആക്രമണം നടത്തുകയോ പൊതുസ്ഥലങ്ങളിൽ ഇറങ്ങുകയോ ചെയ്യുന്ന വന്യമൃഗങ്ങളെ നേരിടുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

**മറുപടി:** ജനവാസമേഖലകളിൽ എത്തിപ്പെടുന്ന വന്യമൃഗങ്ങളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിലേക്ക്, സുരക്ഷിതമായ രീതിയിൽ തിരികെ അയയ്ക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കുന്നത്.

ആർ.ആർ.ടി.കൾ, ഇന്റേണൽ ആർ.ആർ.ടി.കൾ, പി.ആർ.ടി.കൾ, സ്പെഷ്യൽ റിസർവ് ഫോഴ്സുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. കൂടാതെ വനാതിർത്തികൾ പങ്കിടുന്ന എല്ലാ പഞ്ചായത്തുകളിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വന്യജീവി ആക്രമണ പ്രതിരോധം

നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവി ആക്രമണ പ്രതിരോധത്തിനായി സോളാർ ഫെൻസ്, ഹാങ്ങിംഗ് സോളാർ ഫെൻസ്, ക്രാഷ് ഗാർഡ് / റോപ്പ് ഫെൻസ്, എ.ഐ. ഫെൻസ്, ആനക്കിടങ്ങുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ഡ്രോൺ സ്ക്വാഡുകൾ, ക്യാമറ ട്രാപ്പ്, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം വഴി വനാതിർത്തികളിൽ വന്യജീവികളുടെ നീക്കങ്ങൾ നിരീക്ഷിച്ചുവരുന്നു. വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിക്കുകയും വൈദേശിക സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക പുൽമേടുകൾ സൃഷ്ടിക്കുന്ന ജോലികളും ചെയ്തു വരുന്നു.

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; ആക്രമണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18/05/2026 മുതൽ 06/10/2026 വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംസ്ഥാനത്ത് 15 പേർ മരണപ്പെട്ടിട്ടുണ്ട്. കൂടാതെ വനത്തിനു പുറത്ത് ജനവാസമേഖലയിൽ പാമ്പുകടിയേറ്റ് 11 പേർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടെയ്ൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation – CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

**സെക്ഷൻ ഓഫീസർ**